നമ്പർ : IT/18307/2015

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
e-mail:swdkerala@gmail.com
www.swd.kerala.gov.in, Ph:0471 2306040
തീയതി : 12/06/2017

## പരിപത്രം

വിഷയം- സാമൂഹ്യനീതി വകുപ്പ്-ഐ.റ്റി.സെൽ-എ.എം.സി ഇല്ലാത്ത ഉപകരണങ്ങൾക്ക് എ.എം.സി വയ്ക്കൽ -സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന- 1. 02/03/2017ലെ ഇതേ നമ്പർ പരിപത്രം
2. സർക്കാർ ഉത്തരവ് നം ജി.ഒ(പി) നം. 26/2005/ഐ.റ്റി.ഡി, തീയതി 24.05.2005

വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധഉപകരണങ്ങൾക്കും 2017-18 സാമ്പത്തികവർഷം എ.എം.സി വയ്ക്കുന്നതിനായി സൂചന(1) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ കീഴ്ക്കാര്യാലയങ്ങൾ മാനദണ്ഡങ്ങളനുസരിച്ചല്ല എ.എം.സി ക്ഷണിക്കുന്നതെന്ന് കാണുന്നു. നിലവിൽ എ.എം.സി മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം എ.എം.സി ക്ഷണിയ്ക്കേണ്ടത്. ടി ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി ഉത്തരവ് പ്രകാരം കമ്പനി വാറന്റിപിരിയിഡിന് ശേഷം ആദ്യവർഷം അതാത് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയ തുകയുടെ 6%, രണ്ടാം വർഷം 7%, മൂന്നാം വർഷം 8%, നലാംവർഷം മുതൽ 8% തുകയുമാണ് എ.എം.സി ക്ക് നൽകേണ്ടത്. 2011-12 സാമ്പത്തികവർഷം ഈ കാര്യാലയത്തിൽ നിന്നും കീഴ്ക്കാര്യാലയങ്ങളിലേക്ക് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വിലവിവരം ചുവടെ രേഖപ്പെടുത്തുന്നു.

| Sl. No. | Item Description | Amount |
|---|---|---|
| 01 | Desktop PC with Intel Core i3 2120 Clock Speed 3.3 GHz Intel H61 Chipset Motherboard (Acer) 500GB SATA HDD 9S Seagate/Western Digital) 4GB DDR3 RAM (Zion/Umax/Adata/Acer-Oem) Micro ATX Cabinet, 18.5'' wide LCD Monitor(Acer-OEM) Intgd, graphics & Ethernet, USB Posrts-6Nos. ( 2 Nos on fron side, 4 nos on back side)Dust cover and mouse pad, Ubantu os, 3 years warranty | **26,912/-** |
| 02 | Epson Aculaser M1400 Laser Printer 24 ppm, A4 size, 1200X1200, 3 years Warranty | **4469/-** |
| 03 | Canon Lide 110 Scanner, A4 size, 2400X4800 dpi, Flat bed, USB interface, 3 years warranty | **3364/-** |
| 04 | V-Guard Offline UPS (Slender Plus 600) 12V, 7AH INTERNAL SMF battery, 12-20 mts backup, 3 years warranty | **2307/-** |

| | | |
|---|---|---|
| 05 | Multi-Function Laser printer Canon Image Class MF 4450 Print/Scan/Copy/Fax,A4,23ppm,USB, 3 years Warranty | **12591/-** |
| 06 | Ricoh MP200L2 A3 size copier cum printer & scanner, 20 cpm, USB interface, Network interface, Automatic duplex, sheet Bypass tray, ARDF, 3years warranty | **80,738/-** |

മേൽ വിവരിച്ചിട്ടുള്ളത് പ്രകാരം അതാത് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വിലയുടെ അടിസ്ഥാനത്തിൽ സൂചന(2) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് ക്വട്ടേഷൻ നടപടികൾ പാലിച്ച് അതാത് കമ്പനികളുമായി എ.എം.സി വയ്ക്കേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും